# ദി ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി ലിമിറ്റഡ്
**87, മഹാത്മാ ഗാന്ധി റോഡ്, ഫോർട്ട്, മുംബൈ – 400001**

UIN:NIA-OT-P15-02-V01-15-16

## ന്യൂ ഇന്ത്യാ ഗൃഹ സുവിധാ പോളിസി
## പ്രോസ്പെക്ടസ് കം പ്രൊപ്പോസൽ ഫോം & പ്രീമിയം ഷെഡ്യൂൾ

ഈ പോളിസി നിലവിലുള്ള ഹൌസ് ഹോൾഡേഴ്സ് പാക്കേജ് പോളിസിയുടെ ചുരുക്കരൂപമാണ്. ഇതിന് നാല് തരത്തിലുള്ള പ്രത്യേക ഒപ്ഷനുകളാണുള്ളത്. ഓരോ ഒപ്ഷനും അഞ്ചു സെക്ഷനുകളുണ്ട്. ഇതിന്റെ പ്രധാനലക്ഷ്യം എന്ന നിലയിൽ പ്രഥമനഷ്ടാടിസ്ഥാനത്തിൽ ശരാശരി ഹൌസ് ഹോൾഡറുടെ വസ്തുക്കളെയാണ് ഉദ്ദേശിക്കുന്നത്. ഈ പോളിസിയുടെ പ്രധാന സവിശേഷത  അതിന്റെ ലാളിത്യവും ഉപഭോക്താക്കൾക്ക് വസ്തുക്കളുടെ വിശദാംശങ്ങളും വിവരണവും നൽകുന്നതിനുള്ള എളുപ്പവും യാതൊരു ബുദ്ധിമുട്ടുകളും കൂടാതെ എളുപ്പത്തിൽ ക്ലെയിം കൈകാര്യം ചെയ്യുന്നതിനുള്ള സൌകര്യവും തന്നെയാണ്. ഈ പോളിസിക്കുള്ള ഒരു ഒപ്ഷണൽ സെക്ഷൻ VI പ്രകാരം ഫുൾ സം ഇൻഷ്വേഡ് അടിസ്ഥാനത്തിൽ താമസസ്ഥലവും കവർ ചെയ്യപ്പെടും.
ഇൻഡ്യൻ അതിർത്തിക്കുള്ളിലാണ് ഇൻഷ്വർ ചെയ്യപ്പെടേണ്ട വസ്തുക്കൾ സ്ഥിതി ചെയ്യുന്നതെങ്കിൽ ഈ പോളിസി ഇൻഡ്യയിൽ താമസിക്കുന്ന ഏതൊരു വ്യക്തിക്കും ലഭ്യമാണ്, വിദേശ പൌരന്മാർക്കുൾപ്പെടെ. ക്ലെയിം സെറ്റിൽമെന്റുകൾ നടത്തുന്നത് ഇൻഡ്യൻ കറൻസിയിലൂടെ മാത്രമായിരിക്കും.

**ഈ പോളിസിക്ക് കീഴിലുള്ള സെക്ഷനുകൾ**

**സെക്ഷൻ I – വസ്തുവഹകൾക്ക് (ആഭരണങ്ങളും വില പിടിച്ചവസ്തുക്കളും ഒഴികെ) ഭൂകമ്പം, ഭീകരാക്രമണം ഉൾപ്പെടെയുള്ള അഗ്നിബാധ, അനുബന്ധ അപകടങ്ങൾ എന്നിവയിൽ നിന്നുള്ള പ്രഥമനഷ്ടാടിസ്ഥാനത്തിലുള്ള കവറേജ്**
ഈ സെക്ഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള സ്ഥാനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വസ്തുവഹകൾക്ക് ഭൂകമ്പം ഉൾപ്പെടെയുള്ള അഗ്നിബാധ, അനുബന്ധ അപകടങ്ങൾക്ക് മേലുള്ള കവറേജ് ആണ്. ഈ സെക്ഷൻ ഫർണ്ണിച്ചർ ഫിക്സ്ച്ചറുകൾ, ഫിറ്റിങ്ങുകൾ, അപ്ഹോൾസ്റ്ററി, തുണി കൊണ്ടുള്ള കവറുകൾ, ഗൃഹോപകരണങ്ങൾ തുടങ്ങിയവയ്ക്ക് കവറേജ് നൽകുന്നു. ഇൻഷ്വറൻസ് കവർ വേണ്ട ഇനങ്ങളുടെ വിശദമായ ലിസ്റ്റ് ഇൻഷ്വർ ചെയ്ത വ്യക്തി നൽകേണ്ട ആവശ്യവുമില്ല.
ഈ സെക്ഷനിൽ ഉൾപ്പെടാത്തത്:
a) നാശസ്വഭാവമുള്ള വസ്തുക്കളുടെ നഷ്ടം അല്ലെങ്കിൽ തകരാർ.
b) പണം, നിക്ഷേപം, മുദ്രകൾ, മുദ്രശേഖരങ്ങൾ, സ്വർണ്ണം, ജന്തുജാലങ്ങൾ, മോട്ടോർ വാഹനങ്ങൾ, പെഡൽ സൈക്കിളുകൾ എന്നിവയുടെ നഷ്ടം അല്ലെങ്കിൽ തകരാർ.
c) പ്രത്യേകിച്ച് എടുത്തുപറഞ്ഞു കവർ ചെയ്തിട്ടില്ലാത്ത പ്രമാണങ്ങൾ,ഉടമ്പടികൾ, കൈമാറ്റബില്ലുകൾ, വാഗ്ദാന കരാറുകൾ, ഷെയറുകളുടെയും സ്റ്റോക്കുകളുടെയും സർട്ടിഫിക്കറ്റുകൾ, വ്യാപാരപുസ്തകങ്ങൾ, കൈയെഴുത്തുപ്രതികൾ, അത്തരത്തിലുള്ള പ്രമാണങ്ങൾ, കൊരുത്തിട്ടില്ലാത്ത വിലയേറിയ കല്ലുകൾ, ആഭരണങ്ങൾ, അമൂല്യവസ്തുക്കൾ എന്നിവയുടെ നഷ്ടം അല്ലെങ്കിൽ തകരാർ.
ഈ സെക്ഷന് കീഴിലെ എക്സസ്സ്: ഇൻഷ്വേഡ് തുകയുടെ 1% (1000/- രൂപയിൽ താഴെ വിലയുള്ള ഇനങ്ങൾ കവർ ചെയ്യുന്നതല്ല)

**സെക്ഷൻ II – വസ്തുവഹകൾക്ക് (ആഭരണങ്ങൾ ഒഴികെ) കവർച്ച, ഭവനഭേദനം എന്നിവയിൽനിന്നുള്ള കവറേജ്**

ഇതിലെ ഇൻഷ്വേഡ് തുക സെക്ഷൻ I-ലേത് തന്നെയാണ്. ഈ സെക്ഷനിലും ഇൻഷ്വറൻസ് കവർ വേണ്ട ഇനങ്ങളുടെ വിശദമായ ലിസ്റ്റ് ഇൻഷ്വർ ചെയ്ത വ്യക്തി നൽകേണ്ട ആവശ്യവുമില്ല. തെരഞ്ഞെടുത്ത പരിധികൾക്കനുസരിച്ച് ഈ സെക്ഷൻ ഫർണ്ണീച്ചറിന്റെ ഫിക്സ്ചറുകൾ, ഫിറ്റിങ്ങുകൾ, അപ്ഹോൾസ്റ്ററി, തുണി കൊണ്ടുള്ള കവറുകൾ, ഗൃഹോപകരണങ്ങൾ തുടങ്ങിയവയ്ക്ക് കവറേജ് നൽകുന്നു.

ഈ സെക്ഷനിൽ ഉൾപ്പെടാത്തത്:

a) കുടുംബത്തിലെ ഏതെങ്കിലും ഒരംഗം പ്രധാനമായും ഉൾപ്പെടുകയോ ഉപകരണമാവുകയോ ചെയ്ത കവർച്ച, ഭവനഭേദനം അല്ലെങ്കിൽ മോഷണം എന്നിവ മുഖേനയുണ്ടാകുന്ന നഷ്ടം അല്ലെങ്കിൽ തകരാർ.

b) ജന്തുജാലങ്ങൾ, മോട്ടോർ വാഹനങ്ങൾ, പെഡൽ സൈക്കിളുകൾ എന്നിവയുടെ നഷ്ടം അല്ലെങ്കിൽ തകരാർ.

c) പ്രത്യേകിച്ച് എടുത്തുപറഞ്ഞു കവർ ചെയ്തിട്ടില്ലാത്ത പ്രമാണങ്ങൾ,ഉടമ്പടികൾ, കൈമാറ്റബില്ലുകൾ, വാഗ്ദാന കരാറുകൾ, ഷെയറുകളുടെയും സ്റ്റോക്കുകളുടെയും സർട്ടിഫിക്കറ്റുകൾ, വ്യാപാരപുസ്തകങ്ങൾ, കൈയെഴുത്തുപ്രതികൾ, അത്തരത്തിലുള്ള പ്രമാണങ്ങൾ, കൊരുത്തിട്ടില്ലാത്ത വിലയേറിയ കല്ലുകൾ, ആഭരണങ്ങൾ, അമൂല്യവസ്തുക്കൾ എന്നിവയുടെ നഷ്ടം അല്ലെങ്കിൽ തകരാർ.

ഈ സെക്ഷന് കീഴിലെ എക്സസ്സ്: ഇൻഷ്വേഡ് തുകയുടെ 1% (1000/- രൂപയിൽ താഴെ വിലയുള്ള ഇനങ്ങൾ കവർ ചെയ്യുന്നതല്ല)

**സെക്ഷൻ III – ആഭരണങ്ങളും അമൂല്യവസ്തുക്കളും**

ഈ സെക്ഷൻ അണിയുകയോ സ്ഥലത്ത് സൂക്ഷിക്കുകയോ ചെയ്യുന്ന ആഭരണങ്ങളെയും അമൂല്യവസ്തുക്കളെയും അഗ്നിബാധയും ഭൂകമ്പം, കവർച്ച, ഭവനഭേദനം, മോഷണം തുടങ്ങിയ അനുബന്ധ അപകടങ്ങളും എന്ന പരിധിയിൽ ഒതുക്കാതെ പെട്ടെന്നുള്ള അപകടങ്ങൾ അല്ലെങ്കിൽ ദുരന്തങ്ങൾ എന്നിവയിൽ നിന്നുകൂടി പരിരക്ഷ നൽകുന്നതിനുള്ളതാണ്. ഈ പോളിസി ഇൻഷ്വേഡോ ഇൻഷ്വേഡിനൊപ്പം സ്ഥിരമായി താമസിക്കുന്ന അടുത്ത കുടുംബാംഗങ്ങളോ അണിയുമ്പോൾ സംഭവിക്കുന്ന അപകടങ്ങൾക്കും കവറേജ് നൽകുന്നു. കവർ ചെയ്യപ്പെടേണ്ട ഇനങ്ങളുടെ അടിസ്ഥാനത്തിൽ, ഉപഭോക്താവ് തന്നെ അനുയോജ്യമായ ഓപ്ഷൻ തെരഞ്ഞെടുക്കേണ്ടതാണ്. ഈ സെക്ഷന് കീഴിൽ ഇൻഷ്വേഡ് തുകയുടെ 10%-ത്തിലധികം വില വരുന്ന ഇനങ്ങൾക്ക് മാത്രമേ ലളിതമായ വാക്കുകളിലുള്ള ഒരു വിവരണം നൽകേണ്ടി വരുന്നുള്ളൂ. ഈ സെക്ഷനിൽ അത്തരത്തിലുള്ള പരമാവധി 5 ഇനങ്ങളുടെ പേരുവിവരം മാത്രമേ തെരഞ്ഞെടുക്കാനാവൂ.

ഈ സെക്ഷനിൽ ഒഴിവാക്കിയിട്ടുള്ളത്:

a) ഏതെങ്കിലും ഉപകരണത്തിന്റെ ഭാഗത്തിനുണ്ടാകുന്ന പൊട്ടൽ, പാട് വീഴൽ, ലെൻസ് അഥവാ ഗ്ലാസ്സ് പൊട്ടൽ അല്ലെങ്കിൽ ചൈനാമാർബിൾ, ഗ്രാമഫോൺ റെക്കോർഡുകൾ തുടങ്ങിയ പൊട്ടുന്ന സ്വഭാവമുള്ള വസ്തുക്കൾക്കുണ്ടാകുന്ന നഷ്ടം അഥവാ തകരാർ.

b) നിഗൂഢത നിറഞ്ഞ അപ്രത്യക്ഷമാകൽ, വിവരിക്കാനാവാത്ത നഷ്ടങ്ങൾ, സ്ഥാനം മാറിപ്പോകുന്നതു മൂലമോ അല്ലെങ്കിൽ ഇനങ്ങൾ നഷ്ടപ്പെടൽ.

c) പ്രാണികൾ, പൂപ്പൽ, പരാദങ്ങൾ എന്നിവ മൂലമോ വൃത്തിയാക്കൽ, നിറം മാററൽ, നന്നാക്കൽ അല്ലെങ്കിൽ പഴയനിലയിലാക്കൽ എന്നിവ മൂലമോ ഉണ്ടാകുന്ന നഷ്ടമോ തകരാറോ.

d) വാച്ചുകൾക്കും ക്ലോക്കുകൾക്കും യന്ത്രത്തകരാറോ അല്ലെങ്കിൽ ഓവർ വൈന്റിങ്ങ് മൂലമോ ഉണ്ടാകുന്ന നഷ്ടം അല്ലെങ്കിൽ തകരാർ.

e) വാതിലുകളും ജനലുകളും മറ്റ് തുറന്ന വിടവുകളും സുരക്ഷിതമായി അടച്ചു ശരിയായി മൂടിയും, പൂട്ടിയും സംരക്ഷിച്ചിട്ടുള്ള കാറിൽ നിന്നൊഴികെ മറ്റ് കാറുകളിൽ നിന്നുള്ള മോഷണം.

f) വാഹകക്കരാർ ഒപ്പിട്ട ഏതെങ്കിലും ചരക്കുവാഹനത്തിൽ കൊണ്ടുപോകുമ്പോഴുണ്ടാകുന്ന നഷ്ടം.

ഈ സെക്ഷന് കീഴിലെ എക്സസ്സ്: ഇൻഷ്വേഡ് തുകയുടെ 1% (1000/- രൂപയിൽ താഴെ വിലയുള്ള ഇനങ്ങൾ കവർ ചെയ്യുന്നതല്ല)

**സെക്ഷൻ IV – ഗൃഹോപകരണങ്ങളുടെ പ്രവർത്തനം നിലയ്ക്കൽ**

ഗൃഹോപകരണങ്ങളുടെ വിശദാംശങ്ങളുടെ കാര്യത്തിൽ ഒറ്റപേജ് പ്രൊപ്പോസൽ ഫോമിൽ നിർമ്മിതി, മോഡൽ എന്നിവ മാത്രമാണ് നൽകേണ്ടതുള്ളത്. ഈ സെക്ഷനിൽ ഇൻഷ്വറൻസ് ചെയ്യപ്പെടേണ്ട ഉപകരണങ്ങളുടെ വില സെക്ഷൻ I-ലെയും II-ലെയും അഗ്നിബാധ, ഭവനഭേദനം എന്നിവയുടെ ഇൻഷ്വേഡ് തുകയുടെ ഭാഗമായിരിക്കും.

ഈ സെക്ഷനിൽ ഒഴിവാക്കിയിട്ടുള്ളവ:

a) നിങ്ങളുടെ മനപൂർവ്വമായ ഉപേക്ഷ മൂലമോ കാരണംകൊണ്ടോ ഉണ്ടാകുന്ന നഷ്ടം അഥവാ തകരാർ.

b) ഇൻഷ്വറൻസിന്റെ തുടക്കത്തിൽതന്നെ നിലവിലുള്ളതും നിങ്ങൾക്കറിയാമായിരുന്നതുമായ കേടുപാടുകൾ നിമിത്തമുണ്ടാകുന്ന നഷ്ടം അഥവാ തകരാർ.

c) ഉടമ്പടി പ്രകാരം വസ്തുവിന്റെ നിർമ്മാതാവോ വിതരണക്കാരനോ ഉത്തരവാദിയായിട്ടുള്ള നഷ്ടമോ തകരാറോ.

d) ഏതെങ്കിലും തകരാർ മൂലം ഇൻഷ്വേഡിന്റെ സ്ഥലത്ത് നിന്ന് ഇൻഷ്വേഡ് വസ്തു റിപ്പയർ ഷോപ്പിലേക്കും തിരിച്ചും കൊണ്ടു പോകുന്നതിന്റെ ചെലവ്.

e) ഈ പോളിസിയിലെ മറ്റേതെങ്കിലും സെക്ഷൻ പ്രകാരം അപകടങ്ങളിൽനിന്ന് ഇൻഷ്വേഡ് വസ്തുവിന് ഇൻഷ്വർ ലഭിക്കുന്ന നഷ്ടമോ തകരാറോ

f) നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും അധികാരസ്ഥാപനത്തിന്റെ അഭ്യർത്ഥനപ്രകാരമോ ഉത്തരവ് പ്രകാരമോ താൽക്കാലികമായോ സ്ഥിരമായോ ഇൻഷ്വേഡ് വസ്തു കണ്ടുകെട്ടുന്നത് മൂലം ഉടമസ്ഥാവകാശം ഇൻഷ്വേഡിനു ഇല്ലാതാവുന്നതു മൂലമോ അല്ലെങ്കിൽ നിയമപ്രകാരമല്ലാതെ കൈയേറിയ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം താൽക്കാലികമായോ സ്ഥിരമായോ ഇല്ലാവുന്നതു മൂലമോ ഇൻഷ്വേഡ് വസ്തുവിനുണ്ടാകുന്ന നഷ്ടം അഥവാ തകരാർ.

ഈ സെക്ഷന് കീഴിലെ എക്സസ്സ്: ഇൻഷ്വേഡ് തുകയുടെ 1% (1000/- രൂപയിൽ താഴെ വിലയുള്ള ഇനങ്ങൾ കവർ ചെയ്യുന്നതല്ല)

**സെക്ഷൻ V – ടെലിവിഷൻ/ഡെസ്ക്ടോപ്പ് ഇൻഷ്വറൻസ്**

ഈ സെക്ഷൻ സ്ഥലത്തെ ടെലിവിഷനോ, ഡെസ്ക്ടോപ്പോ ഇവ രണ്ടുമോ കവർ ചെയ്യുന്നതിനുദ്ദേശിച്ചുള്ളതാണ്. കവർ ലഭിക്കുന്നത് അഗ്നിബാധ, ഭൂകമ്പം, കവർച്ച, ഭവനഭേദനം, വൈദ്യുത-യന്ത്രത്തകരാറുകൾ എന്നിവയ്ക്കെതിരെയാണ്.

ഈ സെക്ഷനിൽ ഒഴിവാക്കപ്പെട്ടിട്ടുള്ളവ:

a) ടെലിവിഷനോ, ഡെസ്ക്ടോപ്പോ ഇവ രണ്ടുമോ നഷ്ടപ്പെടാതെ പുറമേയുള്ള ആന്റിന അല്ലെങ്കിൽ ഫിറ്റിംഗ്സ് മാത്രം മോഷണം പോവുന്നതുമൂലമുണ്ടാകുന്ന നഷ്ടം അല്ലെങ്കിൽ തകരാർ.

b) ടെലിവിഷനോ, ഡെസ്ക്ടോപ്പോ ഇവ രണ്ടുമോ സ്ഥാപിക്കുമ്പോഴോ റിപ്പയർ ചെയ്യുമ്പോഴോ അഴിച്ചുമാറ്റുമ്പോഴോ ഉണ്ടാകുന്ന നഷ്ടം അല്ലെങ്കിൽ തകരാർ.

c) ഉടമ്പടി പ്രകാരം ടെലിവിഷന്റേയോ ഡെസ്ക്ടോപ്പിന്റെയോ നിർമ്മാതാവോ വിതരണക്കാരനോ ഉത്തരവാദിയായിട്ടുള്ള നഷ്ടമോ തകരാറോ.

d) ഏതെങ്കിലും ബാധ്യതാ ഉടമ്പടി ഇല്ലാതെ തന്നെ ഇൻഷ്വർ ചെയ്യപ്പെട്ടയാളെ ബാധിക്കുന്നതാണെങ്കിൽ അങ്ങിനെയുള്ള ബാധ്യതകൾ ഏറ്റെടുക്കുന്ന ഉടമ്പടി

ഈ സെക്ഷന് കീഴിലെ എക്സസ്സ്: ഇൻഷ്വേഡ് തുകയുടെ 1%

**സെക്ഷൻ VI – (സ്ഥലങ്ങൾ) അഗ്നിബാധയ്ക്കും അനുബന്ധ അപകടങ്ങൾക്കും എതിരെ – ഭൂകമ്പവും തീവ്രവാദവും ഉൾപ്പെടെ**

ഈ സെക്ഷൻ ആവശ്യമെങ്കിൽ മാത്രം തെരഞ്ഞെടുക്കാവുന്നതും മേൽവിവരിച്ചിട്ടുള്ള വസ്തുക്കൾ സൂക്ഷിക്കുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടുള്ള താമസസ്ഥലങ്ങൾക്കും ഭൂകമ്പവും ഭീകരാക്രമണവും

ഉൾപ്പെടെയുള്ള അഗ്നിബാധ, അനുബന്ധ അപകടങ്ങൾക്കെതിരെയാണ് കവറേജ് നൽകുന്നത്.
ഇവിടെ പ്രൊപ്പോസർ സ്ഥലത്തിന്റെ പൂർണ്ണമായ ഇൻഷ്വേഡ് മൂല്യം വെളിപ്പെടുത്തേണ്ടതുണ്ട്.
ആവറേജ് ആന്റ് അണ്ടർ ഇൻഷ്വറൻസ് നിബന്ധനകൾ ബാധകമാണ്.
എക്സസ്സ്: ക്ലെയിം തുകയുടെ 5% (പ്രകൃതിശക്തിമൂലമുള്ള അപകടങ്ങൾക്ക് മാത്രം ഏറ്റവും കുറഞ്ഞത് 10000/-രൂപ)

……………